# കേരള സർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **193/2026** തീയതി **:15/09/2026**

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റിവച്ചു

കേരള സർവകലാശാല 2026 സെപ്റ്റംബർ 18 ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

കേരള സർവകലാശാല 2025 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ ഇംഗ്ലീഷ് ലാംഗേജ് ആന്റ് ലിറ്ററേച്ചർ, എംഎ അറബിക് ലാംഗേജ് ആന്റ് ലിറ്ററേച്ചർ, എംഎസ്സി ബയോകെമിസ്ട്രി (മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 സെപ്റ്റംബർ 25 വരെ www.exams.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ഏപ്രിലിൽ നടത്തിയ ബിപിഎഡ് (നാല് വർഷ ഇന്നോവേറ്റീവ് കോഴ്സ് - 2022 സ്കീം) രണ്ടാം സെമസ്റ്റർ (റെഗുലർ &സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എംകോം (റെഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 സെപ്റ്റംബർ 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിദ്യാർത്ഥികളുടെ അപേക്ഷഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ബികോം കോഴ്സുകളുടെ മെയ് മാസം നടത്തിയ അഞ്ച്, ആറ് സെമസ്റ്റർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2026 സെപ്റ്റംബർ 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പിഎച്ച്.ഡി. ബിരുദം

വിവിധ വിഷയങ്ങളിലെ ഗവേഷണ മികവ് പ്രതിഫലിപ്പിക്കുന്നതാണ് പിഎച്ച്.ഡി. ബിരുദം നേടിയ ഗവേഷകരുടെ പട്ടിക.

ഹിന്ദിയിൽ പ്രിൻസി മാത്യു,സാംഗിലി കൃഷ്ണ; സൈക്കോളജിയിൽ ഹിയ റോയ്,അഭിലാഷ് വി. എൽ.; ബയോകെമിസ്ട്രിയിൽ അഭിരാമി,സുധിന എസ്.; ഇംഗ്ലീഷിൽ ഷെർലി പി. തോമസ്, ആര്യ എ., ടെസ്സ ജോസ്, പി. ആദിത്യ മിസാൻ; ബോട്ടണിയിൽ കാതറിൻ ജോസ്,മായ ആർ.; കെമിസ്ട്രിയിൽ അനീഷ വി. പി.,രേവതി ബി. നായർ എന്നിവരാണ് പിഎച്ച്.ഡി. നേടിയവർ.
കൊമേഴ്‌സിൽ ശാന്തി വി. ആർ., മിനി എം. ആർ., അഖില എസ്.; സുവോളജിയിൽ ടെസ്സി അഗസ്റ്റ്യാനത്ത്,വിനീത വി. എസ്.; ഹോം സയൻസിൽ രജിത ആർ.; ഭൗതികശാസ്ത്രത്തിൽ ലോലി മരിയ ജോസ്,നിതിൻ ജെ. എസ്.; ഗണിതശാസ്ത്രത്തിൽ ജയകുമാർ സി., സുരേഷ് ബി.; മലയാളത്തിൽ എസ്. ആർ. ഹരിത, ഖദീജത്ത് സുഹൈല കെ.; സാമ്പത്തികശാസ്ത്രത്തിൽ ശരണ്യ എസ്.; ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്ങിൽ ഷബീർ എസ്. എന്നിവരും പിഎച്ച്.ഡി. നേടി.

## കേരള സർവകലാശാല
## ബിരുദാനന്തര ബിരുദ പ്രവേശനം - 2026
## സ്പോട്ട് അലോട്ട്മെന്റ്
## ഒഴിവുള്ള സീറ്റുകളിലേക്ക് അവസാന സ്പോട്ട് അലോട്ട്മെന്റ്
## സെപ്റ്റംബർ 18 വെള്ളിയാഴ്ച

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് അവസാന സ്പോട്ട് അലോട്ട്മെന്റ് സെപ്റ്റംബർ 18 വെള്ളിയാഴ്ച കേരള സർവകലാശാല സെനറ്റ് ഹാളിൽ വച്ച് നടത്തുന്നു.

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി മുകളിൽ പറഞ്ഞിരിക്കുന്ന തീയതിയിൽ കേരള സർവകലാശാല സെനറ്റ് ഹാളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം രാവിലെ 8.30 മുതൽ 10.00 മണി വരെ. അലോട്ട്മെന്റ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജാരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(Authorization Letter)** നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സിന് അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികൾക്ക് സ്പോട്ട് അല്ലോട്ട്മെന്റിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം ടി.സി. നിർബന്ധമാണ്. കൂടാതെ, യോഗ്യത **(Degree Marklist)**, സ്പെഷ്യൽ വെയ്റ്റേജ് **(NSS, NCC)**, സംവരണ സീറ്റുകളിലേക്കുള്ള അർഹത **(Non-creamy Layer Certificate for SEBC Candidates, Community Certificate for SC/ST Candidates,**

**EWS Certificate for EWS Candidates, Medical Board Certificate/Permanant Disability Card for PWD candidates)** എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ/പകർപ്പുകൾ ഉണ്ടായിരിക്കണം. ഇതര സർവകലാശാല കളിൽ നിന്നും യോഗ്യത ഡിഗ്രി പൂർത്തിയാക്കിയ വിദ്യാർഥികൾ പ്രസ്തുത പിജി കോഴ്സ് പഠനത്തിന് കേരള സർവകലാശാല അംഗീകരിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന യോഗ്യതാ/ തുല്യത സർട്ടിഫിക്കറ്റിന്റെ **(Equivalency/Eligibility Certificate)** അസ്സൽ/പകർപ്പ് ഹാജരാക്കേണ്ടതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി/ഒ.ഇ.സി വിഭാഗങ്ങൾക്ക് 200/- രൂപ, ജനറൽ, മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1430/- രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

വിശദവിവരങ്ങൾക്ക് സർവകലാശാല അഡ്മിഷൻ വെബ്സൈറ്റ് (**https://admissions.keralauniversity.ac.in/pg**2026) സന്ദർശിക്കുക. ഹെൽപ്പ്ലൈൻ നമ്പർ: 8281883052.

## കേരള സർവകലാശാല
## ബിരുദാനന്തര ബിരുദ പ്രവേശനം - 2026
## സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു
## കോളേജുകളിൽ ഹാജരാകേണ്ട തീയതി - സെപ്റ്റംബർ 16 ബുധനാഴ്ച

കേരള സർവകലാശാല ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് **'SPORTS QUOTA RANK LIST'** എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന സപ്ലിമെന്ററി സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ സെപ്റ്റംബർ **16** ബുധനാഴ്ച **(16/09/2026)** ഉച്ചയ്ക്ക് **12.00** മണിക്ക് മുൻപായി എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം അതത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിംഗിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. രക്ഷകർത്താവ്/പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ

അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട **“authorization letter”** എന്നിവ ഹാജരാക്കണം.

വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക. (**https://admissions.keralauniversity.ac.in/pg2026**). ഹെൽപ്പ്ലൈൻ നമ്പർ: 8281883052 (Whatsapp also).

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അറബിക് ടൈപ്പിംഗ്

കേരള സർവകലാശാല അറബി വിഭാഗം നടത്തി വരുന്ന ഹ്രസ്വകാല അറബിക് ടൈപ്പിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത: എസ്.എസ്.എൽ.സി/ തത്തുല്യം. ഫീസ് : ₹ 3000/-. കാലാവധി : 3 മാസം. അപേക്ഷ ഫോം **www.arabicku.in** ലും, പഠന വകുപ്പിലും ലഭ്യമാണ്. അഡ്മിഷന് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പും ഒരു ഫോട്ടോയും സഹിതം സെപ്റ്റംബർ 19 ശനി രാവിലെ 10 മണിക്ക് കാര്യവട്ടത്തുള്ള അറബി പഠന വകുപ്പിൽ എത്തുക. വിശദവിവരങ്ങൾ: 9633812633 / 04712308846 (ഓഫീസ്).




പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:** ku.release@keralauniversity.ac.in



**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in
*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**